# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3 /332/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 24/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3 /332/2022 തീയ്യതി: 24/06/2022

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജി.സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ.അരുൺകുമാർ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.രാജൻ.വി.ഡി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജയകുമാരി അമ്മ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുജിതാ കൈലാസ് | പ്രസിഡന്റ് | 01-04-2019 | 01-09-2019 |
| ശ്രീമതി.ഉമൈബ സലാം | പ്രസിഡന്റ് | 02-09-2019 | 31-03-2020 |
| ശ്രീ.രാജ് കുമാർ കെ | സെക്രട്ടറി | 01-04-2019 | 08-08-2019 |
| ശ്രീ.നൗഷാദ് എ | സെക്രട്ടറി | 09-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കിരൺ കെ ജി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷാകുമാരി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.റിയാസ് എ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ പിള്ള | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 04-01-2020 |
| ശ്രീ.വിജയകുമാരൻ പിള്ള | അസിസ്റ്റന്റ് എഞ്ചിനീയർ | 05-01-2020 | 06-01-2020 |
| ശ്രീമതി.ആര്യ മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-01-2020 | 31-03-2020 |
| ശ്രീമതി.പ്രീത എസ്. സ്കറിയ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ഫസലുദ്ദീൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.രാകേഷ് എസ് അർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ.അനിലാൽ വി അർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി.മേരി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 10-12-2019 |
| ശ്രീ.സുരേഷ് കുമാർ പി എം | അസിസ്റ്റന്റ് സെക്രട്ടറി | 11-12-2019 | 02-01-2020 |
| ശ്രീ.ബിന്ദു കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീ സവാദ് | അസി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ്കുമാർ വി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| Sri.Ajas Muhammed | MGNREGS AE | 01-04-2019 | 31-03-2020 |
| ശ്രീ.രതീഷ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജാൻസി | വി.ഇ.ഒ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.അരുൺപ്രസാദ് എസ് | വി.ഇ.ഒ | 01-04-2019 | 17-06-2019 |
| ശ്രീമതി.നജ്മുന്നിസ | വി.ഇ.ഒ | 17-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 16-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-10 |
| 12 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-06-2022) | 1-11 |
| 13 | ഇറച്ചിലേലയിനത്തിൽ കുടിശ്ശിക<br>Written By: Sreekumar.S (Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-12 |
| 14 | ഡി.എ. കുടിശ്ശിക തുക അനുവദിച്ചതിൽ നിന്നും ജീവനക്കാരുടെ NPS വിഹിതം കുറവു ചെയ്തിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-13 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-06-2022) | 1-14 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല<br>Written By: Rajan.V.D (Senior Grade Auditor, On 08-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-15 |

| | | |
|---|---|---|
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 5,60,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-16 |
| 18 | വീട് വാസയോഗ്യമാക്കൽ - എസ്.സി.പി - പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-17 |
| 19 | വീട് മെയിന്റനൻസ് - പണി പൂർത്തീകരിച്ചില്ല<br>Written By: Arun Kumar A (Asst. Audit Officer, On 17-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-18 |
| 20 | വീട് വാസയോഗ്യമാക്കൽ, ജനറൽ - അധികം നൽകിയ 10,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Arun Kumar A (Asst. Audit Officer, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-18-1 |
| 21 | ലൈഫ് ഭവനപദ്ധതി - പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-19 |
| 22 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോറങ്ങളും രജിസ്റ്ററുകളും ലഭിച്ചിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-20 |
| 23 | പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-06-2022) | 1-21 |
| 24 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല. 4,496/-രൂപയുടെ നഷ്ടം<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-22 |
| 25 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 3,102/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം.<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 1-23 |
| 26 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 40,18,670/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-06-2022) | 1-24 |
| 27 | വൈദ്യുതിചാർജ്ജ് ഒടുക്കുന്നതിന് രണ്ടുതവണ തുക പിൻവലിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-25 |
| 28 | രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-26 |
| 29 | രസീതുബുക്ക് വാങ്ങൽ - അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല. 4,496/-രൂപയുടെ നഷ്ടം<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 3-1 |

| | | |
|---|---|---|
| 2 | വീട് വാസയോഗ്യമാക്കൽ, ജനറൽ - അധികം നൽകിയ 10,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Bini Chandran S (Computer Assistant, On 17-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 19-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22/02/2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.20 | 3.7.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

Property Tax On Residential And Non-Residential Buildings വരവ് നീക്കിയിരുപ്പ് തുകകൾ സഞ്ചയയും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,50,18,174/- |
| വരവ് | 20,46,38,828/- |
| ആകെ | 22,96,57,002/- |
| ചെലവ് | 19,51,04,998/- |
| നീക്കിയിരിപ്പ് | 3,45,52,004/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,496/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,99,420/- |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,61,14,000/- | 3,61,14,000/- | 2,88,80,244/- | 72,33,756/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,54,81,000/- | 1,54,81,000/- | 92,81,726/- | 61,99,274/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 13,23,000/- | 13,23,000/- | 12,91,693/- | 31,307/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 1,59,49,000/- | 1,59,49,000/- | 73,36,265/- | 86,12,735/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 73,08,000/- | 73,08,000/- | 50,69,887/- | 22,38,113/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 2,48,47,125/- | 2,48,47,125/- | 1,36,62,641/- | 1,11,84,484/- |
| സാക്ഷരത | 5,259/- | 106/- | 5,365/- | - | 5,365/- |
| ദുരിതാശ്വാസനിധി | 7,464/- | 265/- | 7,729/- | - | 7,729/- |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 32,31,862/- | 0 | 32,31,862/- | 1,01,640/- | 3130,222/- |
| ICDS | 38,95,813/- | 18,93,659/- | 57,89,472/- | 8,73,809/- | 49,15,663/- |
| MGNREGS | 3,272/- | 37,56,450/- | 37,59,722/- | 37,51,805/- | 7,917/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| അലോപ്പതി | 10,050/- | - | 10,050/- | 10,050/- | 0 |
| കിന്റർഗാർട്ടൻ ( Development Of Scheduled Tribes) | - | 17,30,000/- | 17,30,000/- | 6,00,000/- | 11,30,000/- |
| കേരളോത്സവം | 20,000/- | 20,000/- | 40,000/- | 40,000/- | 0 |
| എസ്.ബി.ഐ-പ്ലാൻ ഇംപ്രസ്റ്റ്, ജെ.പി.പി, പെൻഷൻ, യൂറോ കമ്മീഷൻ, റ്റി.സി.അക്കൌണ്ട് | 4,92,672/- | 12,989/- | 5,05,661/- | - | 5,05,661/- |
| ബഡ്സ് സ്കൂൾ | 12,50,000/- | - | 12,50,000/- | - | 12,50,000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 26,90,23,701/- | 125 | 17,01,47,646/- | 0 | 125 | 50% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,272/- | 37,56,450/- | 37,59,722/- | 37,51,805/- | 7,917/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7,49,15,819/- | 7,49,15,819/- | 7,49,15,819/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,68,080/- | 320 |
| കർഷകതൊഴിലാളി പെൻഷൻ | 28,02,000/- | 538 |
| വിധവാപെൻഷൻ | 1,77,99,600/- | 3135 |
| വാർദ്ധക്യകാലപെൻഷൻ | 2,49,82,800/- | 4467 |
| വികലാംഗപെൻഷൻ | 47,37,400/- | 842 |

| | | |
|---|---|---|
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,24,400/- | 42 |
| വിവാഹധനസഹായം | 1,20,000/- | 4 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.2.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,337/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. ഗുണഭോക്തൃവിഹിതം, ഔട്ട് ഡോർ കളക്ഷൻ എന്നിവയ്ക്കായി മാന്വൽ രസീതുകളും ഉപയോഗിച്ചുവരുന്നു. എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗില്ല. ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. ഇറച്ചി ലേലയിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വൌച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൌച്ചറിനൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.9.2021 | 4/20 – 3/21 | 27.9.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.2.18 | 2013-14 - 2017-18 | 23.8.18 |

1-11 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.പി.ആർ.എം.സ്കൂൾ, ചിതറ | I & II |
| 2 | അക്ഷയ ക്വാറി, ചിതറ | I & II |
| 3 | കെ.പി.ക്രഷർ & ക്വാറി, ചിതറ | I & II |
| 4 | അക്ഷയ് എം സാന്റ് | I & II |
| 5 | അൽ-ഫാത്തിമ ക്രഷർ | I & II |
| 6 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 7 | സത്യം ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | I & II |

| | | |
|---|---|---|
| 8 | ചിതറ ക്രഷർ മെറ്റൽസ് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.11/16.2.2022

1-12 ഇറച്ചിലേലയിനത്തിൽ കുടിശ്ശിക

2019-20 സാമ്പത്തിക വർഷം ചിതറ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയിരുന്നു. അതിൽ താഴെ പറയുന്ന വ്യക്തികൾ ലേലതുക ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല തീയതി | ലേലയിനം | ലേല തുക(രൂപ) | ലേലം പിടിച്ച വ്യക്തി | അടച്ചത് | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|---|
| 1 | 26/2/19 | കിഴക്കുംഭാഗം മാർക്കറ്റ് മാട്ടിറച്ചി വ്യാപാരം (18/3/19-ലെ I നം കമ്മിറ്റി തീരുമാനം) | 2,86,150/- | സൈനുദ്ദീൻ | 10,000/- (26/2/19) | 2,76,150/- |
| 2 | 17/4/19 | കൊല്ലായിൽ മാർക്കറ്റ് മാട്ടിറച്ചി വ്യാപാരം (8/5/19 ലെ II നം കമ്മിറ്റി തീരുമാനം) | 43,660/- | ആസിഫ് | - | 43,660/- |
| | | ആകെ | | | | 3,19,810/- |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 09/22 തീയതി. 15/02/2022 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ വ്യക്തികൾക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കുടിശ്ശിക തിരികെ ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-13 ഡി.എ. കുടിശ്ശിക തുക അനുവദിച്ചതിൽ നിന്നും ജീവനക്കാരുടെ NPS വിഹിതം കുറവു ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ് സ.ഉ(പി) 44/19 തീയതി 4.4.19 പ്രകാരം 1.1.18 മുതൽ 31.3.19 വരെയുള്ള ഡി.എ കുടിശ്ശിക ചെക്ക് നം.9677925/17.5.19 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം അടവാക്കുന്ന ജീവനക്കാരുടെ ശമ്പളവും ഡി.എ യും ചേർന്ന തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ, ടി പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശികയിൽ നിന്നും 10% വിഹിതം കുറവുചെയ്തിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| പേര്/തസ്തിക | അനുവദിച്ച തുക (രൂപ) | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|
| ശ്രീ.സച്ചു.എസ് ക്ലർക്ക് | 13,016/- | 1,302/- | 1,302/- |
| ശ്രീമതി.ദീപ.ആർ | 10,590/- | 1,059/- | 1,059/- |

| | | | |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | | | |
| ശ്രീ.സിജിൻ.ജി.നായർ ഓഫീസ് അറ്റൻഡന്റ് | 9,693/- | 969/- | 969/- |

ജീവനക്കാരുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ചേർത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് തുക എൻ.പി.എസ്. അക്കൌണ്ടിലേക്ക് ഒടുക്കി വിവരമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയത് ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.9 /16.2.2022

1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, ചിതറ | I & II |
| 2 | ബി.എസ്.എൻ.എൽ. ചിതറ | I & II |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, ചിതറ | I & II |
| 4 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I & II |
| 5 | കേരള ഗ്രാമീണ് ബാങ്ക്, മടത്തറ | I & II |
| 6 | എസ്.എസ്.ഫ്യൂവൽസ്, ചിതറ | I & II |
| 7 | കേരള വാട്ടർ അതോറിറ്റി, ചിതറ | I & II |
| 8 | മിനി മുത്തൂറ്റ് നിധി(കെ) ലിമിറ്റഡ്, ചിതറ | I & II |
| 9 | ചിതറ റൂറൽ സഹകരണ ബാങ്ക്, ചിതറ | I & II |
| 10 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, മടത്തറ | I & II |
| 12 | മാവേലി സ്റ്റോർ, മടത്തറ | I & II |
| 13 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക്, ചിതറ | I & II |
| 14 | ഐറിസ് ഓഡിറ്റോറിയം, ചിതറ കിഴക്കുംഭാഗം | I & II |
| 15 | ഡോ.പൽപ്പു കോളേജ് ഓഫ് ആർട്സ് & സയൻസ് | I & II |
| 16 | ഇന്ത്യൻ ബാങ്ക്, ചിതറ | I & II |
| 17 | ഷാബാസ് ഓഡിറ്റോറിയം, ചിതറ | I & II |
| 18 | പോബ്സ് എന്റർപ്രൈസസ് | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സ്ഥാപനതൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.11/16.2.2022

1-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ

ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019-ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം – പ്രവൃത്തി കോഡ് | മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക (രൂപ) | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|---|
| 1 | ചിതറ വാർഡ് - കിളിത്തട്ട് തോന്നയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് (RC272322)<br>കരാറുകാരൻ – നിസാമുദ്ദീൻ എസ് | 2,75,054/- | 5,501/- |
| 2 | അയിരക്കുഴി വാർഡ് - പുളിവേലിക്കോണം കോളനി റോഡ് കോൺക്രീറ്റ് (RC272385)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,59,050/- | 5,181/- |
| 3 | വളവുപച്ച വാർഡ് – മേലെ വളവുപച്ച പോസ്റ്റ് ഓഫീസ് റോഡ് കോൺക്രീറ്റിംഗ് (RC272323)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 3,13,594/- | 6,272/- |
| 4 | കൊല്ലായിൽ വാർഡ് – കലയപുരം മുനിയിരുന്നകാല റോഡ് റോഡ് കോൺക്രീറ്റിംഗ് (RC272326)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,70,485/- | 5,410/- |
| 5 | ചിറവൂർ വാർഡ് – ചിറവൂർ പള്ളിക്കുന്നുംപുറം പള്ളി ഏലാതോട് റോഡ് കോൺക്രീറ്റിംഗ് (RC272338)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,79,363/- | 5,587/- |
| 6 | കിളിത്തട്ട് വാർഡ് – സൊസൈറ്റിമുക്ക് കാലായിൽ ഏലാ റോഡ് കോൺക്രീറ്റിംഗ് (RC272331)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,69,081/- | 5,382/- |
| 7 | ചക്കമല വാർഡ് – മഹാഗണി ഏലാ റോഡ് കോൺക്രീറ്റിംഗ് (RC272327)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,69,106/- | 5,382/- |
| 8 | വട്ടമുറ്റം വാർഡ്-തലവരമ്പ് റേഷൻകട | 2,60,836/- | 5,217/- |

| | | | |
|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് (RC272345)<br><br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | | |
| 9 | മതിര വാർഡ് – ചെക്കിട്ടമുക്ക് ദേവീക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് (RC272347)<br><br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,60,831/- | 5,217/- |
| 10 | സത്യമംഗലം വാർഡ് - കുറക്കോട് അമ്പലം റോഡ് കോൺക്രീറ്റിംഗ് (RC272327)<br><br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,76,006/- | 5,520/- |
| 11 | മുള്ളിക്കാട് വാർഡ് - സൂര്യകുളം മലപ്പുറം റോഡ് കോൺക്രീറ്റിംഗ് (RC272325)<br><br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,70,420/- | 5,408/- |
| 12 | പുതുശ്ശേരി വാർഡ് – പോത്തൻകാവ് ഇലവ്കാവ് റോഡ് കോൺക്രീറ്റിംഗ് (RC272325)<br><br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 2,74,567/- | 5,491/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം:01/10.02.2022

1-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 5,60,000/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം./പേര് | ആകെ അടങ്കൽ | ഫണ്ടിനം | ആകെ ചെലവ് | ബിൽ നം./തുക |
|---|---|---|---|---|---|
| 1 | 145/19-20 PMAY-പഞ്ചായത്ത് വിഹിതം അടയ്ക്കൽ | 1,40,000/- | വികസന ഫണ്ട് ജനറൽ | 1,40,000/- | 15/19-20, തീയതി-26.10.19 |
| 2 | 157/19-20 PMAY - അധിക വിഹിതം അടയ്ക്കൽ | 4,20,000/- | വികസന ഫണ്ട്, എസ്.സി.പി | 4,20,000/- | 11/19-20, തീയതി-25.9.19 |

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതികൾ പ്രകാരം PMAY – പഞ്ചായത്ത് വിഹിതം ആയി ആകെ 5,60,000/-രൂപ BDO ചടയമംഗലത്തിന്റെ Account No. 555417896-ലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ ഇരുപദ്ധതികളിലുമായുള്ള ചെലവ് 5,60,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,60,000/-

ഓഡിറ്റ് എൻക്വയറി നം- 4/14-2-22

1-17 വീട് വാസയോഗ്യമാക്കൽ - എസ്.സി.പി - പണി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 159/19-20
പ്രോജക്ട് – വീട് വാസയോഗ്യമാക്കൽ (പട്ടികജാതി)

അടങ്കൽ – 51,75,000/-(വികസന ഫണ്ട്, എസ്.സി.പി)

ചെലവ്- 19,12,500/-
നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് 75,000/-രൂപ വീതം ധനസഹായം നൽകുന്ന മേൽ പ്രസ്താവിത പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ ആദ്യ ഗഡു ആയി 37,500/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | തുക നൽകിയ വിവരം (ബിൽ നം./തീയതി) |
|---|---|---|
| 1 | ബേബി ലത<br>ശരണ്യവിലാസം, കൊച്ചുപെരിങ്ങാട്<br>വാർഡ്-1 | 37,500/-<br>6/11.4.20 |
| 2 | ഉഷ,<br>സന്ധ്യ ഭവൻ, ഇടപ്പണ, വാർഡ്-5 | 37,500/-<br>2/22.1.20 |
| 3 | റജീന,<br>ചരുവിള പുത്തൻ വീട്, ഇരപ്പിൽ വാർഡ്-16 | 37,500/-<br>2/22.1.20 |

അപാകതയ്ക്ക്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തീകരിച്ച്, വാല്യൂവേഷൻ പ്രകാരം ബാക്കി തുക നൽകുകയോ, അല്ലാത്തപക്ഷം നൽകിയ തുക കരാർ പ്രകാരം തിരികെ ഈടാക്കുകയോ ചെയ്ത് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/19-20/14-2-21

1-18 വീട് മെയിന്റനൻസ് - പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് – വീട് വാസയോഗ്യമാക്കൽ, ജനറൽ

പ്രോജക്ട് നമ്പർ – 142/19-20

അടങ്കൽ – 92,00,000/-(വികസന ഫണ്ട് ജനറൽ- 46,00,000/-, തനത് ഫണ്ട് - 46,00,000/-)

ചെലവ്- 11,00,000/-(വികസന ഫണ്ട് ജനറൽ )

( I ) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് 50,000/-രൂപ വീതം ധനസഹായം നൽകുന്ന മേൽ പ്രസ്താവിത പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ ആദ്യ ഗഡു ആയി 20,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ | പേര് | ബിൽ നം/തീയതി |
|---|---|---|

| നം | | |
|---|---|---|
| 1 | റാഹില, ചരുവിളപുത്തൻ വീട്,<br>മുതയിൽ വാർഡ്. | 1/19-20, 16.4.20 |
| 2 | സരസ്സ്വതി, കടകം പള്ളി വീട്, മാങ്കോട്<br>ഇരപ്പിൽ വാർഡ് | 22/19-20, 18.1.20 |
| 3 | ഷാഹുൽ ഹമീദ്, തെക്കേക്കര വീട്<br>വഞ്ചിയോട്, അരിപ്പ വാർഡ് | 1/19-20, 16.4.20 |

വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തീകരിച്ച്, വാല്യുവേഷൻ പ്രകാരം ബാക്കി തുക നൽകുകയോ, അല്ലാത്തപക്ഷം ഭാഗികമായി കൈപ്പറ്റിയ തുക കരാർ പ്രകാരം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/19-20, 14-2-21

1-18-1 വീട് വാസയോഗ്യമാക്കൽ, ജനറൽ - അധികം നൽകിയ 10,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

മേൽ പ്രസ്താവിത വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം സീനത്ത്, മുനിയിരുന്ന കാലായിൽ വീട്, കലയപുരം, കൊല്ലായിൽ വാർഡ് (Account No: 937112961 ) എന്ന ഗുണഭോക്താവിന് ആകെ ധനസഹായമായി 50,000/-രൂപയാണ് നൽകേണ്ടതെങ്കിലും മൂന്ന് ഗഡുക്കളായി ആകെ 60,000/-രൂപ നൽകിയിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./ തീയതി | UTR നം | തുക(രൂപ) |
|---|---|---|
| 19/19-20, 11.12.19 | U 000000744804464 | 20,000/- |
| 22/19-20, 18.1.20 | U 000000754340364 | 20,000/- |
| 33/19-20, 18.1.20 | U 000000769839348 | 20,000/- |

വിശദവിവരം ആരാഞ്ഞ് തൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സാംഖ്യ രേഖകൾ പ്രകാരം 60,000/-രൂപ നൽകിയിട്ടുള്ളതായി കാണുന്നു എന്നും ടിയാളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് രേഖകൾ പരിശോധിച്ച് തുക തിരികെ ഈടാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ അധികമായി നൽകിയ 10,000/-രൂപ തിരികെ യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-6/19.20, 14.2.22

1-19 ലൈഫ് ഭവനപദ്ധതി - പണി പൂർത്തിയാക്കിയിട്ടില്ല

| പ്രോജക്ട് നം | 238/20 സ്പിൽ ഓവർ |
|---|---|
| ആകെ അടങ്കൽ | 3,74,00,000/-<br>(വികസനഫണ്ട് ജനറൽ - 24,25,411/-, സംസ്ഥാനാവിഷ്കൃതം – 1,84,00,000/-, ബ്ലോക്ക് പഞ്ചായത്ത് – 28,76,089/-, ജില്ലാ പഞ്ചായത്ത് – 1,98,500/-, ലോൺ – 1,35,00,000/-) |
| ആകെ ചെലവ് | 3,57,20,000/-<br>( വികസനഫണ്ട് ജനറൽ - 24,25,411/-, സംസ്ഥാനാവിഷ്കൃതം – 1,74,61,752/-, ബ്ലോക്ക് പഞ്ചായത്ത് – 22,54,337/-, ജില്ലാ പഞ്ചായത്ത് – 1,98,500/-, |

| | |
|---|---|
| | ലോൺ – 1,33,80,000/-) |

വി.ഇ.ഒ നിർവ്വഹണം നടത്തി ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക, ചെക്ക് നം/തീയതി |
|---|---|---|
| 1 | ശ്രീലത | 40,000/-, ചെക്ക് നം-1959559/28.12.2018 |
| 2 | ആഷ്യാബീവി | 40,000/-, 1959535/10.10.19 |
| 3 | ലീജ | 1,60,000/-, 663132/28.3.19 |
| 4 | മുബീനാബീവി | 40,000/-, 1959543/31.10.18<br>1,60,000/-, 663132/28.3.19 |

പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് മൂലമുള്ള സാമ്പത്തികപ്രശ്നം മൂലം പണി തടസ്സപ്പെട്ടതാണെന്നും ഉടൻ പണി പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഭവനങ്ങളുടെ പണി പൂർത്തിയാക്കി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/19-20, 14.2.22

1-20 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോറങ്ങളും രജിസ്റ്ററുകളും ലഭിച്ചിട്ടില്ല.

വൌച്ചർ നം. 21900917/19.11.19

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങിയയിനത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയം ജനറൽ മാനേജർ പേർക്ക് 97,800/-രൂപ ചെക്ക് നം.947085/19.11.19 പ്രകാരം നൽകിയതിന്റെ താൽക്കാലിക രസീത് ഹാജരാക്കിയിട്ടുണ്ട്. ആയത് ലഭിച്ചതിന്റെയും സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 97,800/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 10/16.2.22

1-21 പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഗവ. ഉത്തരവ് 429/15/ധനം, 28-09-2015 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ കരാർതുകയുടെ 5% മൂല്യമുള്ള ബാങ്ക് ഗ്യാരണ്ടി പെർഫോമൻസ് ഗ്യാരണ്ടിയായി നല്കേണ്ടതാണ്. കുറഞ്ഞത് 50% തുകയെങ്കിലും ട്രഷറിയിലെ സ്ഥിരം നിക്ഷേപമായിരിക്കണം. ഇത് Defect Liability Period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണം. ഈ തുകയിൽ നിന്നും കരാറുകാരനിൽ നിന്ന് ഈടാക്കുവാനുള്ള തുകയുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി തുക പ്രസ്തുത 28 ദിവസത്തിനുകൂടിശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ തിരികെ നല്കണം.(pwd Manual 2009-7). കൂടാതെ ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് എസ്റ്റിമേറ്റിന്റെ 10%-ത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ 10%-ത്തിനു മുകളിലുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി നല്കണം. ഇതിനുശേഷം കരാറിൽ ഏർപ്പെടണം. 2020-21

സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16-02-2022 ൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ സംബന്ധമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ സൂക്ഷിപ്പിൽ ക്രമക്കേടുകൾ ഉണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ക്രമപ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, ഭാവിയിൽ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-22 കാലി ബാരൽ വില ഈടാക്കിയിട്ടില്ല. 4,496/-രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെപറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ. 2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി വിവരം | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (239+18% ജി.എസ്.ടി.) |
|---|---|---|---|
| 1 | പ്രവൃത്തി - വാഴപ്പണ തലവരമ്പ് റോഡ് സൈഡ്വാൾ റീ ടാറിംഗ്<br>അടങ്കൽ തുക - 11,80,000/- (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ – ശ്രീ. നിസ്സാറുദ്ദീൻ,<br>കരാർ-80/AE/LSGD/CHI/18-19, 05-03-2019<br>ബിൽ നം-11/19-20, 06-09-2019 | 16 | 3824+672= 4,496/- |
| | | ആകെ | 4,496/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ട തുക 4,496/-രൂപ ഈടാക്കി, ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 4,496/-രൂപ

ഓഡിറ്റ് അന്വേഷണം - 13/18-02-22

1-23 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 3,102/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം.

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ 30-10-2017 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ടാർവീപ്പയുടെ വില (ജി.എസ്.ടി ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി.എസ്.ടി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ടാർ വീപ്പയുടെ വില | ജി.എസ്.ടി | ആകെ |
|---|---|---|---|---|
| 1 | വാഴ്വേലിക്കോണം കാരിച്ചിറ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക- 5,90,000/-(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-60/20-21, 22-12-2020 | 2,629/- | 473/- | 3,102/- |
| | | | ആകെ | 3,102/- |

സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതും, എന്നാൽ ഗ്രാമപഞ്ചായത്തിൻറെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 3,102/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 08/15-02-2022

## 1-24 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 40,18,670/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക(രൂപ) | ബിൽ നം |
|---|---|---|---|---|
| 1 | അങ്കണവാടികൾക്ക് കുഴൽകിണർ നിർമ്മാണം (180/20) | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കൊല്ലം | 5,18,670/- | 05/19-20, 24-07-2019 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (18/20) | എക്സി. എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 35,00,000/- | UTR NO U000000770737240 13-11-2019 |
| | | ആകെ | 40,18,670/- | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ചിട്ടുള്ള 40,18,670/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 40,18,670/-രൂപ

ഓഡിറ്റ് അന്വേഷണം-നം 8/15-02-2022

## 1-25 വൈദ്യുതിചാർജ്ജ് ഒടുക്കുന്നതിന് രണ്ടുതവണ തുക പിൻവലിച്ചു.

ഭജനമഠം ഹൈമാസ്റ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജിനത്തിൽ തനതുഫണ്ടിൽനിന്നും 870/-രൂപ രണ്ടുതവണ പിൻവലിച്ച് ചെലവഴിച്ചു. വൗച്ചർ നം.21900061/17.4.19, 21900078/20.4.19 എന്നിവ പ്രകാരം തുക ചെലവഴിച്ചു. എന്നാൽ രണ്ടു വൗച്ചറിലും ഒരേ അനുബന്ധരേഖകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തുക അധികം പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും അധികം പിൻവലിച്ച തുക സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.10/16.2.22

1-26 രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

2019-20 സാമ്പത്തികവർഷത്തെ തനത്ഫണ്ട് വൌച്ചർ പരിശോധിച്ചതിൽ ലൈഫ് മിഷൻ – കുടുംബ സംഗമവും അദാലത്തും നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് 20,000/-രൂപ ചെക്ക് നം.456001/3.1.2020 പ്രകാരം പിൻവലിച്ചു. 4.12.2019 ലെ സ.ഉ (സാധാ) നം.2751/2019 ത.സ്വ.ഭ.വ ഉത്തരവിൽ ബ്ലോക്ക്/ജില്ലാതല സംഗമത്തിന്റെ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന്റെ കൈപ്പറ്റ് രേഖയും തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. ആയതു ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക കൈമാറിയതിന്റെ രേഖകൾ ശേഖരിച്ച് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 20,000/-രൂപ തടസ്സപ്പെടുത്തുന്നു. തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 20,000/-
ഓഡിറ്റ് എൻക്വയറി നം- 10/16.2.22

1-27 രസീതുബുക്ക് വാങ്ങൽ - അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

വൌച്ചർ നം.21900945/29.11.19

ഔട്ട് ഡോർ കളക്ഷൻ പിരിവിനായി 25 രസീതുബുക്കുകൾ വാങ്ങുന്നതിനായി 118/-രൂപ നിരക്കിൽ 2,950/-രൂപ (ചെക്ക് നം.947099/29.11.19) ഗ്രാമലക്ഷ്മി മുദ്രാലയം ജനറൽ മാനേജരുടെ പേർക്ക് നൽകി. എന്നാൽ ബില്ലിനൊപ്പം അനുബന്ധരേഖകളായ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 2,950/-രൂപ തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.10/16.2.22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കാലി ബാരൽ വില ഈടാക്കിയിട്ടില്ല. 4,496/-രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെപറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ. 2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും

ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി വിവരം | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (239+18% ജി.എസ്.ടി.) |
|---|---|---|---|
| 1 | പ്രവൃത്തി - വാഴപ്പണ തലവരമ്പ് റോഡ് സൈഡ്വാൾ റീ ടാറിംഗ്<br>അടങ്കൽ തുക-11,80,000/- (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ – ശ്രീ. നിസ്സാറുദ്ദീൻ,<br>കരാർ-80/AE/LSGD/CHI/18-19, 05-03-2019<br>ബിൽ നം-11/19-20, 06-09-2019 | 16 | 3824+672= 4496/- |
| | | ആകെ | 4,496/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ട തുക 4,496/-രൂപ ഈടാക്കി, ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 4,496/-രൂപ

ഓഡിറ്റ് അന്വേഷണം- 13/18-02-22

3-2 വീട് വാസയോഗ്യമാക്കൽ, ജനറൽ - അധികം നൽകിയ 10,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് – വീട് വാസയോഗ്യമാക്കൽ, ജനറൽ

പ്രോജക്ട് നമ്പർ – 142/19-20

അടങ്കൽ – 92,00,000/-(വികസന ഫണ്ട് ജനറൽ- 46,00,000/-, തനത് ഫണ്ട് - 46,00,000/-)

ചെലവ്- 11,00,000/-(വികസന ഫണ്ട് ജനറൽ )

മേൽ പ്രസ്താവിത വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം സീനത്ത്, മുനിയിരുന്ന കാലായിൽ വീട്, കലയപുരം, കൊല്ലായിൽ വാർഡ് (Account No: 937112961 ) എന്ന ഗുണഭോക്താവിന് ആകെ ധനസഹായമായി 50,000/-രൂപയാണ് നൽകേണ്ടതെങ്കിലും മൂന്ന് ഗഡുക്കളായി ആകെ 60,000/-രൂപ നൽകിയിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./ തീയതി | UTR നം | തുക(രൂപ) |
|---|---|---|
| 19/19-20, 11.12.19 | U 000000744804464 | 20,000/- |
| 22/19-20, 18.1.20 | U 000000754340364 | 20,000/- |
| 33/19-20, 18.1.20 | U 000000769839348 | 20,000/- |

വിശദവിവരം ആരാഞ്ഞ് തൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സാംഖ്യ രേഖകൾ പ്രകാരം 60,000/-രൂപ നൽകിയിട്ടുള്ളതായി കാണുന്നു എന്നും ടിയാളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് രേഖകൾ പരിശോധിച്ച് തുക തിരികെ ഈടാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ അധികമായി നൽകിയ 10,000/-രൂപ തിരികെ യഥാഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-6/19.20, 14.2.22

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10.02.22 & 11.02.22 | കെ.എസ്.എ.കെ.എൽ.എം.പി.3/332/22 തീയതി. 13.6.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 57,00,000/- | ലൈഫ് ഭവന പദ്ധതി | 57,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 2,93,513/- | പുതിയ തുറന്നകിണർ നിർമ്മാണം | 2,93,513/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 28,72,224/- | ലൈഫ് ഭവന പദ്ധതി | 4,00,000/- | 24,72,224/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 22,54,337/- | ലൈഫ് ഭവന പദ്ധതി | 22,54,337/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 3,00,000/- | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 3,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1,19,067/- | ലൈഫ് ഭവന പദ്ധതി | 1,19,067/- | - |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1,98,500/- | ലൈഫ് ഭവന പദ്ധതി | 1,98,500/- | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 70,00,000/- | ലൈഫ് ഭവന പദ്ധതി-വസ്തുവാങ്ങൽ | 70,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 62,00,000/- | ലൈഫ് ഭവന പദ്ധതി-വസ്തുവാങ്ങൽ | 62,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 78,75,000/- | ലൈഫ് ഭവന പദ്ധതി-വസ്തുവാങ്ങൽ | 78,75,000/- | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 2,28,000/- | അനുപൂരക പോഷകാഹാരം | 2,28,000/- | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KWA | 18/20 - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | U000000770737240 | 35,00,000/- | - | 35,00,000/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,80,80,000/-രൂപ വരവുണ്ട്. മുൻബാക്കി 5,49,80,940/-രൂപ ഉൾപ്പെടെ 8,30,60,940/-രൂപയിൽ 2,79,00,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | 2,80,80,000/- | 5,49,80,940/- | 58,67,647/- | | 7,71,93,293/- |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.2 | 2009-10 | 2-2 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലുള്ള പിഴവുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2007-08 | 5.2.3(1) | 2010-11 | 5.2.3(1) | പരമ്പരാഗത തൊഴിൽ സംരക്ഷണം – പദ്ധതി നിർവ്വഹണത്തിൽ അപാകത | |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 22,96,57,002/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 19,51,04,998/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14,496/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 46,99,420/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,496/- | ശ്രീമതി.ആര്യാ മോഹൻ, അസി.എൻജിനീയർ |
| 3-2 | | 10,000/- | ശ്രീ.രതീഷ്, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 5,60,000/- | ശ്രീമതി.ജാൻസി, വി.ഇ.ഒ |
| 1-20 | 97,800/- | ശ്രീ.നൌഷാദ്, സെക്രട്ടറി |
| 1-24 | 5,18,670/-<br>35,00,000/- | ശ്രീ.രാജ്കുമാർ, സെക്രട്ടറി<br>ശ്രീ.നൌഷാദ്, സെക്രട്ടറി |
| 1-26 | 20,000/- | ശ്രീ.നൌഷാദ്, സെക്രട്ടറി |
| 1-27 | 2,950/- | ശ്രീ.നൌഷാദ്, സെക്രട്ടറി |
| ആകെ | 46,99,420/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി.ആര്യാ മോഹൻ, അസി.എൻജിനീയർ | ചിതറ ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, പുലിമൂട് ലെയിൻ, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| ശ്രീ.രാജ്കുമാർ.കെ, സെക്രട്ടറി | വിരമിച്ചു | തേമ്പ്ര ഹൌസ്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര |
| ശ്രീമതി.ജാൻസി, വി.ഇ.ഒ | വി.ഇ.ഒ, കുമ്മിൾ ഗ്രാമപഞ്ചായത്ത് | അജന മൻസിൽ, നെല്ലിമൂട്, കുളത്തുപ്പുഴ |
| ശ്രീ.നൌഷാദ്, സെക്രട്ടറി | സെക്രട്ടറി, ഏരൂർ ഗ്രാമപഞ്ചായത്ത് | പൂപ്പാലിക, കുളത്തുപ്പുഴ.പി.ഒ |
| ശ്രീ.രതീഷ് വി.ഇ.ഒ | വി.ഇ.ഒ | ബാരത് ഭവൻ, ബലാൽ പി.ഒ, പരപ്പ, കാസർഗോഡ് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92 & 1992-93 | കെ എസ് എ കെ എൽ എം .പി-3/430/18 (1)/2-03-18 |
| 1997-98 | കെ എസ് എ കെ എൽ എം .പി-3/430/18 (3)/2-03-18 |
| 1999-00 | കെ എസ് എ കെ എൽ എം .പി-3/430/18 (4)/2-03-18 |
| 2000-01 | കെ എസ് എ കെ എൽ എം .പി-3/430/18 (5)/2-03-18 |
| 2001-02 | കെ എസ് എ കെ എൽ എം .പി-3/430/18 (6)/2-03-18 |
| 2005-06 | കെ എസ് എ കെ എൽ എം .പി-3/430/18 (7)/2-03-18 |
| 2006-07 | എൽ.എഫ്.ക്യു.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യു.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യു.പി-4/1323/14(13 )/14-08-14 |
| 2009-10 & 2010-11 | എൽ.എഫ്.ക്യു.പി-4/1323/14(14 )/14-08-14 |
| 2011-12 & 2012-13 | എൽ.എഫ്.ക്യു.പി-4/26/14/09-10-14 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/ 16/22-02-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി-4-329/2017/11.2.2017 |
| 2016-17 | കെ എസ് എ കെ എൽ എം .പി-3/1723/17/10.10.2017 |
| 2017-18 | കെ എസ് എ കെ എൽ എം .പി-3/91/19/05.04.19 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019/24.03.21 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്